**ഗവ: സെക്രട്ടറി (ഡി) വകുപ്പ് 13376/88 വനം മ്പരായി 7-3-1989-ൽ മുഖ്യവനപാലകന് അയച്ച കത്തിന്റെ പകർപ്പ്.**

വിഷയം:- 2-3-88-ൽ കിച്ചിയ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ യോഗ നടപടികളെകുറിച്ച്

സൂചന:- 16-9-89 ലെ 5460/പി.എസ്/86/വനം നമ്പർ കത്ത്

2-3-88-ൽ തിരുവനന്തപുരത്ത് നടന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ യോഗ നടപടികുറിപ്പിലെ പ്രസക്തഭാഗം അനന്തര നടപടികൾക്കായി അയയ്ക്കുന്നു.

തോട്ടങ്ങളിൽ നിന്ന് ശേഖരിക്കുന്ന തടിയും കഴയും സൈറ്റിൽവച്ച് ലേലം ചെയ്യാതെ ഡെപ്പോയിലെത്തിച്ച് വിൽക്കാൻ നിഷ്കർഷിക്കുന്ന 18-1-1988 ലെ ഗവൺമെന്റ് ഉത്തരവ് ഈ സാംപത്തിക വർഷത്തിൽ നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് ഡിവിഷണിൽ ഫോറസ്റ്റ് ഓഫീസർമാർ ബഹു. വനംവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇപ്പോൾ നടക്കുന്ന പല ജോലികളും സൈറ്റ് ആക്ഷൻ കണക്കാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലുള്ളതാണ്. സാമ്പത്തിക വർഷത്തിന്റെ അവസാനഘട്ടത്തിൽ എസ്റ്റിമേറ്റ് ഭേദഗതി ചെയ്ത് ജോലി തീർക്കുക പ്രയാസമാണ്. പരാമർശവിധേയരായ ഗവൺമെന്റ് ഉത്തരവ് 1988-89 സാമ്പത്തിക വർഷം മുതൽ നടപ്പാക്കി.യാൽ മതിയെന്ന് ബഹു.വനം വകുപ്പ് മന്ത്രി അറിയിച്ചു.

'പരമ്പരാഗതമായി ഈറ്റനെയ്ത് ജീവിക്കുന്നവർക്ക് ഉപജീവനമാർഗ്ഗം നൽകിവരുന്ന തലചുമട് പാസ്സ് നിറുത്തലാക്കികൊണ്ട് 18-11-1987-ൽ പുറപ്പെടുവിച്ച ഗവൺമെന്റ് ഉത്തരവ് ആശയക്കുഴപ്പമുണ്ടാക്കുന്നതാണെന്ന് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ചൂണ്ടികാണിച്ചു. പരമ്പരാഗത തൊഴിലിനുവേണ്ട ഈറ്റയ്ക്ക് തലചുമട് പാസ്സ് നൽകണമെന്നാണ് ഗവൺമെന്റിന്റെ നയമെന്ന് ബഹു.വനംവകുപ്പ് മന്ത്രി പറഞ്ഞു. ഇതിനു വിരുദ്ധമായ സൂചനയോ നിർദ്ദേശമോ നിലവിലുള്ള ഓർഡറുകളിലുണ്ടെങ്കിൽ അക്കാര്യം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടു വരണമെന്നും ബഹു.വനം വകുപ്പു മന്ത്രി പറഞ്ഞു.

പലവക അഡ്വാൻസായി പല ഉദ്യോഗസ്ഥൻമാരുടെ പേരിൽ നിൽക്കുന്ന ഭീമമായ തുകയുടെ കാര്യത്തിൽ സത്വരമായ തീരുമാനം ഉണ്ടാകണമെന്ന് ബഹു.വനം വകുപ്പു മന്ത്രി ഉപസംഹാരത്തിൽ ആവശ്യപ്പെട്ടു. അതുപോലെ ആറുമാസത്തിലേറെ പഴക്കമുള്ള എല്ലാ കോടതിയിൽ ചാർജ്ജുചെയ്യുകയോ ചെയ്തിരിക്കും. ആറുമാസം കഴിഞ്ഞ് ഇതിന്റെ പുരോഗതി പുനരവലോകനം ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു.

ഒപ്പ്

അണ്ടർ സെക്രട്ടറി.

<u>ഇണ്ടാസ് നം. ജി2-5317/88 തീയതി 24-5-89</u>
പകർപ്പ് എല്ലാ കൺസർവേറ്റർമാർക്കും, ഫീൽഡ് ഡയറക്ടർ, കോട്ടയത്തിനും അയയ്ക്കുന്നു.
പകർപ്പ് ബ്രാഞ്ച് ആഫീസർമാർക്കും (എ ഡി ജി) സി.സി.എഫിന്റെ പി.എയ്ക്കും. സി.എ.മാർക്കും.
പകർപ്പ് ശേഖരഫയലിലേയ്ക്കും അയക്കുന്നു.

(ഒപ്പ്)

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു വേണ്ടി

<u>ഇണ്ടാസ് നം. എഫ്.എസ്.6595/89 തീയതി 1-7-89</u>
പകർപ്പ് എ1,എ2, സി എൽ സെക്ഷനുകളിലേക്ക്.
അംഗീകാരത്തോടെ

ഒപ്പ്

കൺസർവേറ്റർക്കുവേണ്ടി